**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2687** **13-02-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായ എസ്റ്റേറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വാണിജ്യ ഡയറക്ടേറ്റിന്റെ അധീനതയിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെ ജില്ല തിരിച്ചുള്ള എണ്ണം അറിയിക്കാമോ; | (എ) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ അധീനതയിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം - 2<br>കൊല്ലം - 2<br>ആലപ്പുഴ - 6<br>പത്തനംതിട്ട - 1<br>കോട്ടയം - 3<br>എറണാകുളം - 6<br>ഇടുക്കി - 1<br>തൃശ്ശൂർ - 6<br>പാലക്കാട് - 5<br>മലപ്പുറം - 1<br>കോഴിക്കോട് - 2<br>കണ്ണൂർ - 1<br>കാസർഗോഡ് - 4<br>ആകെ - 40 എണ്ണം |
| (ബി) | വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമിയുടെ ഉടമസ്ഥാവകാശം കൈമാറ്റം നടത്തുന്നതിനും നിശ്ചയിച്ച വ്യവസായ സംരംഭങ്ങൾക്ക് പകരം മറ്റ് സംരംഭങ്ങൾ ആരംഭിക്കുന്നതിനും നേരിട്ടിരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനു കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകൾ/ഏരിയകൾ/പ്ലോട്ടുകളിലെ ഭൂമിയുടെ അലോട്ട്മെന്റും അസൈൻമെന്റുമായി ബന്ധപ്പെട്ട് കേരള ഗവൺമെന്റ് ലാൻഡ് അലോട്ട്മെന്റ് ആൻഡ് അസൈൻമെന്റ് ഫോർ ഇൻഡസ്ട്രിയൽ പർപ്പസസ് റൂൾസ് - 2023 (G.O (P) No. 309/2023/RD dated 11/12/2023) നിലവിൽ |

| | | | |
|---|---|---|---|
| | | | വന്നിട്ടുണ്ട്. പുതിയ ചട്ടം നിലവിൽ വന്നതോടെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനു കീഴിലുള്ള വ്യവസായ ഭൂമിയുടെ കൈമാറ്റം, ഘടനാമാറ്റം, ആക്ടിവിറ്റി മാറ്റം, ലീസ് വ്യവസ്ഥയിൽ നിന്നും ഹയർ പർച്ചേസ് വ്യവസ്ഥയിലേക്കുള്ള മാറ്റം, പട്ടയം അനുവദിക്കൽ എന്നീ പ്രക്രിയകളുടെ നടപടിക്രമം ലഘൂകരിച്ചിട്ടുണ്ട്.<br><br>പുതിയ റൂൾ പ്രകാരം ഭൂമി കൈമാറ്റത്തിന് 25,000/- രൂപ പ്രൊസസ്സിംഗ് ഫീ ഇനത്തിലും ആക്ടിവിറ്റി മാറ്റത്തിന് 10,000/- രൂപ പ്രൊസസിങ് ഫീ ഇനത്തിലും മാത്രം അടച്ചാൽ മതിയാകും. ഈ മാറ്റങ്ങൾ വരുത്തുന്നതിന്, ഒരിക്കൽ ഭൂമി വില മുഴുവനും ഒടുക്കി കഴിഞ്ഞതിനാൽ ഭൂമി വില വ്യത്യാസം അടയ്ക്കേണ്ടതില്ല. അലോട്ട്മെന്റ് ലഭിച്ച് 3 വർഷം കഴിഞ്ഞാൽ ഭൂമി കൈമാറ്റം/ഘടനാമാറ്റം നടത്താം. മേൽപ്രകാരം നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുള്ളതിനാൽ ഭൂമി കൈമാറ്റത്തിനുള്ള കാലതാമസം ഒഴിവാക്കാൻ കഴിയും. പട്ടയത്തിൽ Industrial activity എന്ന് മാത്രമേ രേഖപ്പെടുത്തുകയുള്ളു. ആയതിനാൽ ഓരോ ആക്ടിവിറ്റി മാറുമ്പോഴും അതിന്റെ മാറ്റം പട്ടയത്തിൽ വരുത്തേണ്ട ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ